**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3162** **01-03-2023 - ൽ മറുപടിയ്ക്ക്**

**കാരവൻ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,**<br>**ശ്രീ . ഐ .സി .ബാലകൃഷ്ണൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കാരവൻ ടൂറിസത്തിന് സർക്കാർ പ്രാധാന്യം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ പല വിദേശ രാജ്യങ്ങളിലൂടെയും കാരവനിൽ സഞ്ചരിച്ച് കേരളത്തിലെത്തിയ ടൂറിസ്റ്റുകളിൽ നിന്നും വാഹനത്തിന് രൂപമാറ്റം വരുത്തിയിട്ടുണ്ടെന്ന് കാണിച്ചുകൊണ്ട് മോട്ടർ വാഹന വകുപ്പ് പിഴ ഈടാക്കിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | കേരളത്തിലെത്തുന്ന കാരവൻ സഞ്ചാരികൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികൾക്കു സുഗമമായ യാത്ര സൗകര്യം ഉറപ്പാക്കാൻ ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായി കൂടി സഹകരിച്ച് ഫലപ്രദമായ നടപടികളാണ് ടൂറിസം വകുപ്പ് സ്വീകരിച്ചു വരുന്നത്. രൂപമാറ്റം വരുത്തിയതുമായി ബന്ധപ്പെട്ട വിദേശത്തു നിന്നും വന്ന കാരവൻ സഞ്ചാരികളിൽ നിന്നും മോട്ടോർ വാഹന വകുപ്പ് പിഴ ഈടാക്കിയിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ ടൂറിസം വികസനത്തിന് പ്രതിബന്ധമായേക്കാവുന്ന ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (ബി) | എ പിരിവിലെ അതെ മറുപടി |
| (സി) | കാരവൻ ടൂറിസം മേഖലയിൽ നിക്ഷേപം നടത്തുന്നവർക്ക് പ്രതീക്ഷിച്ച വരുമാനം ലഭിക്കാതിരിക്കുന്ന സാഹചര്യമുണ്ടായാൽ സംരംഭകർക്ക് ഗുണകരമാകുന്ന രീതിയിൽ പദ്ധതി പരിഷ്കരിക്കുന്നതിന് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | നിലവിൽ കാരവൻ ടൂറിസം പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. നിലവിൽ ഈ മേഖലയിൽ നിക്ഷേപം നടത്തുന്നവർക്ക് ആകർഷകമായ സബ്സിഡികൾ നൽകിവരുന്നുണ്ട്.<br><br>കാരവൻ ടൂറിസം മേഖലയിൽ നിക്ഷേപം നടത്തി രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 100 പേർക്ക് 7.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 15% സബ്സിഡി (അതിൽ ഏതാണോ കുറവ് അത് നൽകുന്നതാണ്). 101 മുതൽ 200 വരെയുള്ള സംരംഭകർക്ക് 5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 10% സബ്സിഡി (ഏതാണോ കുറവ് അത് നൽകുന്നതാണ്). 201 മുതൽ 300 വരെയുള്ള സംരംഭകർക്ക് 2.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 5% സബ്സിഡി (ഏതാണോ കുറവ് അത് നൽകുന്നതാണ്). കൂടാതെ |

| | | | |
|---|---|---|---|
| | | | വാഹന നികുതി ഇനത്തിൽ 50% ഇളവ് നൽകി ഗതാഗത വകുപ്പും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ